കേരള പോലീസ്
KERALA POLICE

# പുതിയതായി ആരംഭിച്ച ഹൈടെക് പോലീസ് കൺട്രോൾ റൂമിന്റെയും പുതുക്കി പണിത എരുമേലി പോലീസ് സ്റ്റേഷന്റെയും ഉദ്ഘാടനം



കേരള പോലീസ് സേനയിൽ നടന്നുവരുന്ന ആധുനികവൽക്കരണങ്ങളുടെ ഭാഗമായി കുറ്റകൃത്യങ്ങൾ തടയുന്നതിനും സേവന സംവിധാനങ്ങൾ കൂടുതൽ മെച്ചപെടുത്തുന്നതിനും വേണ്ടി കോട്ടയം ജില്ലയിലെ എരുമേലിയിൽ പുതിയതായി ആരംഭിച്ച ഹൈടെക് പോലീസ് കൺട്രോൾ റൂമിന്റെ ഉദ്ഘാടനം ശ്രീ. PC ജോർജ് MLA അവർകളും, പുതുക്കി പണിത എരുമേലി പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനം ശ്രീ. ലോകനാഥ് ബെഹ്റ IPS അവർകളും എരുമേലി പോലീസ് സ്റ്റേഷൻ അങ്കണത്തിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിൽ വച്ച് 13-01-2019 രാവിലെ 10:00 മണിക്ക് നിർവഹിച്ചു. ചടങ്ങിൽ ജില്ലാ പോലീസ് മേധാവി ശ്രീ. ഹരിശങ്കർ IPS അദ്ധ്യക്ഷത വഹിച്ചിട്ടുള്ളതും, എരുമേലി സ്പെഷ്യൽ ഓഫീസർ ശ്രീമതി. മെറിൻ ജോസഫ് IPS സ്വാഗതം ആശംസിച്ചിട്ടുള്ളതും എരുമേലി സ്പെഷ്യൽ ഓഫീസർ-II ശ്രീ. V.G വിനോദ്കുമാർ കൃതജ്ഞത പറഞ്ഞിട്ടുള്ളതുമാണ്. യോഗത്തിൽ കാഞ്ഞിരപ്പള്ളി DySP ശ്രീ. മധുസൂദനൻ, DySP സ്പെഷ്യൽ ബ്രാഞ്ച് ശ്രീ. പാർത്ഥസാരഥി പിള്ള, DySP ചങ്ങനാശ്ശേരി ശ്രീ. S. സുരേഷ് കുമാർ, DySP അഡ്മിനിസ്ട്രേഷൻ ശ്രീ. വിനോദ് പിള്ള, കോട്ടയം DySP ശ്രീ. ശ്രീകുമാർ, കോട്ടയം DHQ അസിസ്റ്റന്റ് കമാണ്ടന്റ് ശ്രീ. കുര്യാച്ചൻ തുടങ്ങിയ മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും, മറ്റു ജനപ്രതിനിധികളും, ജനമൈത്രി ജാഗ്രതാ സമിതി അംഗങ്ങളും, പൊതുജനങ്ങളും ഉൾപ്പെടെ മുന്നൂറോളം പേർ പങ്കെടുത്തു.

***ജില്ലാ പോലീസ്, കോട്ടയം***